# *മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി*
# *സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട്*

**എറണാകുളം**
**കൂവപ്പടിബ്ലോക്ക്**
**അശമന്നൂർപഞ്ചായത്ത്**
**വാർഡ്-13**
**സോഷ്യൽഓഡിറ്റ്കാലയളവ്:1/10/2018to31/3/2019**
**റിപ്പോർട്ട്തയ്യാറാക്കിയത്:**
**വി.ആർ.പി.അശ്വതിഎം.എസ്.**
**വി.ആർ.പി.പ്രിയങ്കപ്രകാശൻ**

**സോഷ്യൽഓഡിറ്റ്യൂണിറ്റ്**
**തിരുവനന്തപുരം**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ല് പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചേര്ക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Slno | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂള് 2** |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂള് 1 &ഷെഡ്യൂള്** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷന്7,8,9** |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂള് 2പാരഗ്രാഫ് 18 &പാരഗ്രാഫ് 20** |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂള്**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷന്3(2),6, sch 2 ,29,a,b,c,d,e,f.30** |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷന്3(3)** |

| | | |
|---|---|---|
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷന്19, &സെഷന്17( 2)** |

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

- ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ(BDO) പഞ്ചായത്ത് സെക്രട്ടറി, മറ്റു നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടി ആലോചനയിൽ ഉരുത്തിരിഞ്ഞത് അനുസരിച്ച് തുടർ പ്രക്രിയയിൽ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു
- കഴിഞ്ഞ ആറ് മാസത്തിൽ ചെയ്ത പ്രവർത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ്, എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ഇടങ്ങൾ പരിശോധിക്കുകയും ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു.
- ഗുണഭോക്താക്കൾളോട് പ്രകൃതിയുടെ ഗുണഫലങ്ങൾ ചർച്ചചെയ്തു, തൊഴിൽകാർഡ് എടുത്തിട്ടുള്ള വരെയും സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു.
- വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, എന്നിവരെ അഭിമുഖങ്ങൾക്കും, ചർച്ചകൾക്കും, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും, വിധേയമാക്കി.
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും, അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ :-

●തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട് . തൊഴിലുറപ്പ് തുടങ്ങിയ കാലങ്ങളിൽ ഫോട്ടോ പഞ്ചായത്തിൽ നിന്നു എടുത്തു.കാർഡ് പുതുക്കാൻ സ്വന്തം ചിലവിൽ ഫോട്ടോ എടുത്തു കൊടുത്തു.

●തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്. ഈ വാർഡിലെ തൊഴിലാളികളിൽ 28 പേർക്ക് 100 പണി കിട്ടിയിരുന്നു.

.

●തൊഴിൽ സ്ഥലത്തു വെച്ച്അപകടം സംഭവി ച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് വലിയ അറിവുണ്ടായിരുന്നില്ല.

● തൊഴിൽ അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ നിർബന്ധമായും തൊഴിൽ നൽകണം എന്നാണ് നിയമം. എന്നാൽ ഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ല.

●15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിചില്ല എങ്കിൽ തൊഴിൽ ഇല്ലായ്മ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ നാളിതുവരെ ഒന്നും കിട്ടിയിട്ടില്ല.

●ബൂട്ട്, കൈയുറ എന്നിവ ഇപ്പോൾ ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടു.നേരത്തെ കിട്ടിയവക്കു നാശനഷ്ടം ഉണ്ടായി.

●തൊഴിലാളികൾക്ക് 5 KM ഉള്ളിൽ പണി കൊടുക്കണം എന്നാണ് നിയമം.ഈ വാർഡിലെ തൊഴിലാളികൾക്ക് 5 KM ഉള്ളിൽ തൊഴിൽ ലഭിക്കുന്നുണ്ട്.
●പ്രവൃത്തി സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രുഷ കിറ്റ് എന്നിവ ലഭ്യമാണ്.

●തൊഴിൽ ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാറില്ല.

●15 ദിവസത്തിനുള്ളിൽ വേതനം കിട്ടിയില്ലെങ്കിൽ 16-ആം ദിവസം മുതൽ വൈകുന്ന ഓരോ ദിവസത്തിനും വേതനത്തിന്റെ 0.05% ലഭിക്കാൻ ഉള്ള അവകാശമുണ്ട്. എന്നാൽ അങ്ങനൊരു കാര്യത്തെ കുറിച്ചു തൊഴിലാളികൾക്ക് ധാരണയില്ല.

## ഫയൽ പരിശോധന

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിലും 22 documents ഉണ്ടായിരിക്കണം എന്നാണ്,

**• ഐ എച്ച് എച്ച് എൽ നിർമ്മാണം അമ്മിണി തോമസ്**

**• ഐ എച്ച് എൽ നിർമ്മാണം സിന്ധു സുബ്രഹ്മണ്യൻ**

**• നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്ച് 5**

**• നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണപ്രവൃത്തി റീച്ച് മൂന്ന്**

**•നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ റീച്ച് 4**

**• നീർച്ചാലുകളുടെ പുനരുദ്ധാരണം**

**. കൃഷി വകുപ്പുമായി സംയോജിച്ച് JLG പാട്ടത്തിനെടുത്ത സ്ഥലത്തെ നിലമൊരുക്കൽ റീച്ച് 4**

എന്നീ വർക്കുകളാണ് ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയത് പരിശോധിച്ചതിൽ നിന്നും കിട്ടിയ വിവരങ്ങൾ താഴെ കൊടുക്കുന്നു

## കവർ പേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർപേജ്. പരിശോധിച്ച് ഏഴ് ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല.

## ചെക്ക് ലിസ്റ്റ്

വർക്ക് ഫൈയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പർ രേഖപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ രേഖപ്പെടുത്തുന്ന രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച് ഫയലുകളിൽ ഒന്നും ചെക്ക്ലിസ്റ്റ് കാണാൻ സാധിച്ചില്ല.

## ആക്ഷൻ പ്ലാൻ

ഒരു ജനകീയ ഇടപെടലിനെ നേർസാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ഇത് .ഗ്രാമ സഭ നിർദേശിക്കുന്ന പ്രവർത്തികൾ സെൽഫ് പ്രോജക്റ്റിലേക്ക് മാറ്റുകയും ഇതിൽനിന്ന്

മുൻഗണനാ അടിസ്ഥാനത്തിൽ അത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തികൾ തെരഞ്ഞെടുത്താണ് തയ്യാറാക്കുന്നത്.സെൽഫ് പ്രൊജക്ട് ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിന് ആക്ഷൻപ്ലാൻ സഹായിക്കുന്നു.ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടുള്ള ആണോ എന്ന വിവരം വർക്ക് ഫയൽ വരേണ്ടതാണ് ആണ്. എന്നാൽ പരിശോധിച്ച് ഫയലുകളിൽ ഒന്നും ആക്ഷൻ പ്ലാനിന് കോപ്പി ഉണ്ടായിരുന്നില്ല.

## ഭരണാനുമതി

- ഒരു വാർഡിൽ ഒരുവർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ്. സെക്യൂർ നിന്നെടുത്ത കോപ്പിആയിരുന്നു .പഞ്ചായത്ത് സെക്രട്ടറിയുടെ സൈൻ, സീൽ, ഡേറ്റ് ഒന്നുമുണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് കോസ്റ്റ് ഉണ്ടായിരുന്നു.
- ഭരണഅനുമതി കിട്ടിയ തിയതി, , നമ്പർ ഉണ്ടായിരുന്നു

## സാങ്കേതിക അനുമതി:

ഒരു വർക്കിന് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചുവെന്ന് രേഖയാണ് സാങ്കേതികാനുമതി.
പരിശോധിച്ച് ഫയലിൽ സാങ്കേതികാനുമതി ഉണ്ടായിരുന്നു.

- സെക്യൂർ നിന്നുള്ള കോപ്പി ആയിരുന്നു.
- സാങ്കേതിക ഉദ്യോഗസ്ഥരുടെസീലും, ഒപ്പും മുണ്ടായിരുന്നു.
- ഓവർസിയർ, അസിസ്റ്റൻറ് എൻജിനീയർ എന്നിവരുടെ സീലും, സൈൻനും എല്ലാ ഫയൽലും ഉണ്ടായിരുന്നു.

## ഡിമാൻഡ് ഫോം:

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്

- തൊഴിൽ ആവശ്യപ്പെട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചു എന്നറിയാനുള്ള രേഖ കൂടിയാണിത്
- രണ്ട് ഫയലിൽ വ്യക്തിഗത ഡിമാൻഡ് ഫോം ഉണ്ടായിരുന്നു. ഡിമാൻഡ് ഡേറ്റ് ചില ഫയലിൽ ഉണ്ടായില്ല.
- രണ്ട് ഫയലിൽ അപേക്ഷകന്റെ പേര് സൈൻ അഡ്രസ്സ് ഫോൺ നമ്പർ എന്നിവ ഉണ്ടായിരുന്നു.
- ഡിമാൻഡെൻ്റ പുറകിലായി സാക്ഷ്യപത്രം ഉണ്ടായിരുന്നു. വൈസ് പ്രസിഡന്റ് ന്റെ ഒപ്പും സീലും ഉണ്ടായിരുന്നു.

**എസ്റ്റിമേറ്റ്-വർക്ക് :**

എങ്ങനെ അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്.

- സെക്യൂരിറ്റി നിന്നുള്ള കോപ്പി ആയിരുന്നു. എല്ലാ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്
- ഫയലിലും ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ആയിരുന്നില്ല.
- സാങ്കേതിക ഉദ്യോഗസ്ഥരുടെ ഒപ്പും സീലും തീയതിയും ഒന്നും 7 ഫയലിലും ഉണ്ടായിരുന്നില്ല.

**മസ്റ്റർ റോൾ**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ്.

- എല്ലാ സൈറ്റിലും മാസ്റ്റ്രോ ഉണ്ടായിരുന്നു. ഇതിൽ തൊഴിലാളികളുടെ ഒപ്പ് അവരുടെ തൊഴിൽ ദിനങ്ങൾ കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. വർക്ക് ഉണ്ടായിരുന്നു. കൃത്യമായി ഡേറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- അസിസ്റ്റൻറ് സെക്രട്ടറിയുടെ സീൽ ഉം ഒപ്പും ഉണ്ടായിരുന്നു തീയതി ഉണ്ടായിരുന്നില്ല.
- ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഒപ്പും സീൽ ഉം മുണ്ടായിരുന്നു, മേറ്റിന്റെ ഒപ്പും മുണ്ടായിരുന്നു
- വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നില്ല

**എം. ബുക്ക്**

പ്രവർത്തി തുടങ്ങുന്നതിനു മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണിത്.

- 2 ഫയലുകളിൽ ഉണ്ടായിരുന്നില്ല എം ബുക്ക് ഇല്ലായിരുന്നു.
- എസ്റ്റിമേറ്റിൽ ഉള്ള കാര്യങ്ങൾ എം ബുക്കിൽ ഓരോ ഭാഗങ്ങൾ ആയിട്ട് കാണിച്ചിരുന്നു.

**മെറ്റീരിയൽ ബിൽ വൗച്ചർ**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ ഉപയോഗിച്ചിട്ടുള്ള സാധനസാമഗ്രികൾ ബില്ലുകളും വൗച്ചറുകളും ഫയൽ സൂക്ഷിക്കേണ്ടതാണ് എന്നാൽ ചെയ്ത പ്രവർത്തികളിൽ ഒന്നും ഇത് കാണാൻ സാധിച്ചില്ല 7 ഫയലുകൾ നോക്കിയതിൽ രണ്ടെണ്ണം മെറ്റീരിയൽ പ്രവൃത്തിയായിരുന്നു

## വേജ് ലിസ്റ്റ്

- തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിനെ അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട വേദനം ആയുധങ്ങൾക്ക് കൊടുക്കേണ്ട വാടക മൂർച്ച കൂട്ടുന്നതിനു ഉള്ള തുക ഇവയെല്ലാം കാണിച്ചുകൊണ്ട് പണം കൈമാറുന്നതിനുള്ള ഒന്നാണ് വേജ് ലിസ്റ്റ്
  എന്നാൽ പരിശോധിച്ച് 7 ഫയലിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല , പക്ഷേ
- മസ്റ്റേറാളിന്റെ മുകളിലായി വേജ് ലിസ്റ്റ് നമ്പർ എഴുതിയിട്ടുണ്ടായിരുന്നു
- വേജ് ലിസ്റ്റ് കാണാൻ സാധിക്കാത്തതിനാൽ മസ്റ്ററ് റോളും വേജ് ലിസ്റ്റും ആനുപാതികം ആയിരുന്നോ അല്ലയോ എന്ന് കണ്ടെത്താൻ സാധിച്ചില്ല

## എഫ് ടി ഓ

ഒരു വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയിരുന്ന രേഖയാണ് എഫ് ടി ഒ. പ്രവൃത്തികളിൽ ചിലവായ മുഴുവൻ തുകയും ആർക്ക് എപ്പോൾ നൽകി എന്നതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ആണ് ഇത്.

- പരിശോധിച്ച ഫയലുകളിൽഫണ്ട് ട്രാൻസ്ഫർ ഓർഡർ കാണാൻ കഴിഞ്ഞില്ല, അതിനാൽ മാസ്റ്റർ റോൾ എഫ് ടി ഓ ഇവ രണ്ടും ആനുപാതികമാണൊ എന്ന് കാണാൻ സാധിച്ചില്ല.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

- ഫയൽ പരിശോധിച്ചതിൽ അടിസ്ഥാനത്തിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ ഫയലിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല

## മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

- ഒരു പ്രവൃത്തിയുടെ ഓരോ സ്റ്റേജിലും മാസ്റ്ററോൾ അനുവദിച്ചതു മുതൽ വേദനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടവും ഏത് രീതിയിൽ നടന്നു എന്ന് മനസ്സിലാക്കുന്നത്തിനുള്ള സ്ലിപ് ആണ്. ഇങ്ങനെയുള്ള വിവരം ഫയലിൽ ഉണ്ടായിരുന്നില്ല.

## ഫോട്ടോഗ്രാഫ്

- മറ്റുള്ള ഫയലുകൾ നോക്കിയതിൽ നിന്ന് വ്യത്യസ്തമായി ഓരോ ഘട്ട ങ്ങളിലും വേണ്ട ഫോട്ടോകൾ 6 വർക്കുകളിലും കാണാൻ സാധിച്ചു
- ഒരു ഐ എച്ച് എച്ച് എ എൽ നിർമ്മാണ പ്രവർത്തിയിൽ
- ഫോട്ടോകൾ പൂർണമായിരുന്നില്ല

## റോയലിറ്റി

- പ്രവർത്തികൾ നടന്ന സ്ഥലത്തിന്റെ കരം അടച്ച രസീത് സൂക്ഷിക്കണം എന്നതാണ്, എന്നാൽ പരിശോധിച്ച ഏഴ് ഫയലുകളിൽ രണ്ടെണ്ണത്തിൽ കണ്ടെത്താൻ സാധിച്ചു, അഞ്ച് ഫയലിൽ റോയൽറ്റി സൂക്ഷിച്ചിരുന്നില്ല

## ജിയോ ടാഗ്ഡ് ഫോട്ടോസ്

- പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയായ ജിയോ ട്രാക്ക് ഫോട്ടോസ് ഫയലിൽ ഉണ്ടായിരുന്നില്ല.

## സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും അടങ്ങുന്ന രേഖയാണ് സൈറ്റ് ഡയറി ഇത് എല്ലാവർക്കും കളിലും ഉണ്ടായിരുന്നു

- ചെക്ക് ലിസ്റ്റ്, പ്രൊജക്റ്റ് മീറ്റിംഗ്, പ്രൊജക്റ്റ് മീറ്റിംഗ് മിനിറ്റ്സ്, ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി, എന്നിവയുടെ വിവരങ്ങൾ കൃത്യമായി ഫയലിൽ കാണാൻ സാധിച്ചു.
- സൈറ്റ് സന്ദർശിച്ച വ്യക്തികൾ, ഉടമയുടെ സമ്മതപത്രം, ഓരോ തൊഴിലിനും ആവശ്യമായി വന്ന എസ്റ്റിമേറ്റ് തുക, വ്യക്തികളുടെ റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, കരം തീർത്ത രസീത് ഇവയെല്ലാം സൈറ്റ് ഡയറിയിൽ സൂക്ഷിച്ചിരുന്നു.

## സോഷ്യൽ ഓഡിറ്റ്

- പരിശോധിച്ചാൽ 7 ഫയലുകളിലും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല എന്നാണ് കാണാൻ സാധിച്ചത്.

## <u>രജിസ്റ്റർ</u>

1) രജിസ്റ്റർ നമ്പർ 1 പാർട്ട് A ജോബ് കാർഡ് രജിസ്റ്റർ. രജിസ്റ്റർ 4 വർക്ക് രജിസ്റ്റർ 2017-2018.

## <u>ജോബ് കാർഡ് രജിസ്റ്റർ</u>

- ഈ രജിസ്റ്ററിൽ കാർഡ് നമ്പർ, കാർഡ് എന്നാണ് ഇഷ്യൂ ചെയ്തേക്കണേ, അവരുടെ വയസ്, ഏതു വിഭാഗം, ബാങ്കിന്റെ പേര് തുടങ്ങിയ കാര്യങ്ങൾ കൃത്യമായി രേഖപെടുത്തിയിട്ടുണ്ട്.
- 2013-2018 മെയ് വരെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് സെർട്ടിഫൈ ചെയ്തിട്ടില്ല.

## കംപ്ലയിന്റ് രജിസ്റ്റർ

- 2011- 2016വരെയുള്ള വിവരങ്ങൾ വളരെ നന്നായി സൂക്ഷിച്ചിട്ടുണ്ട്.2016 ശേഷം പരാതികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.
- ഇതിൽ നമ്പർ, തീയതി, പരാതി നൽകിയ ആളിന്റെ പേര്,വിലാസം, പരാതി സംബന്ധിച്ച വിവരങ്ങൾ, സ്വീകരിച്ച നടപടി, പരാതി തീർപ്പാക്കിയ ദിവസം, തീർപ്പാക്കിയ ഉദ്യോഗസ്ഥൻ, ഇവയെല്ലാം കാണിച്ചിട്ടുണ്ട്. എങ്കിലുംഎല്ലാത്തിനുംനടപടിസ്വീകരിച്ചില്ല.പരാതിവിളിച്ചുപറയുന്നആളുടെപേ രെളിപ്പെടുത്തുക,പണിസ്ഥലത്ത്ഒപ്പിട്ടുനേരത്തെപോയി,മേറ്റ്മാരുണിഏറ്റെടു ക്കാൻതയ്യാറാകുന്നില്ല,ഇവക്കൊന്നുംനടപടിസ്വീകരിച്ചിട്ടില്ല.
- സർട്ടിഫൈ ചെയ്തിട്ടുണ്ട്

## മെറ്റീരിയൽ രജിസ്റ്റർ

- സീരിയൽ നമ്പർ,വർക്കിന്റെ പേര്, വർക്ക് ആരംഭിച്ച ദിവസം, ബില്ല് നമ്പർ, മെറ്റിരിയലിന്റെ ഡീറ്റെയിൽസ്, ക്വാണ്ടിറ്റി, തുടങ്ങിയ കാര്യങ്ങൾ രേഖപെടുത്തിയിട്ടുണ്ട്.
- 2015-2016, 2016-2017 വിവരങ്ങൾ ആണ് കാണാൻ കഴിഞ്ഞത്.
- MIS ന്റെ കോപ്പി ആണ് ഇതിൽ ഉണ്ടായിരുന്നത്.
- സെർട്ടിഫൈഡ് അല്ല

## ഡിമാൻഡ് രജിസ്റ്റർ

- 2018-2019 ഡിസംബർ മുതൽ2019-2020 വരെയുള്ള വിവരങ്ങൾ ഉണ്ട്
- ഈ രജിസ്റ്ററിൽ തൊഴിൽ ആവശ്യപ്പെടുന്നത് സംബന്ധിച്ച വിവരങ്ങൾ, തൊഴിൽ നൽകിയ പ്രവർത്തി സംബന്ധിച്ച വിവരങ്ങൾ, തൊഴിൽ ചെയ്ത പ്രവർത്തിയും തൊഴിൽ ചെയ്ത ദിവസവും സംബന്ധിച്ച വിവരങ്ങൾ, കാർഡ് നമ്പർ, രജിസ്റ്റർ ചെയ്ത വ്യക്തിയുടെ പേര്, ജോലി ആവശ്യപ്പെടുന്ന പ്രദേശം, പ്രവർത്തിയുടെ പേര് ഇവയെല്ലാം കൃത്യമായി എഴുതിയിട്ടുണ്ട്.
- തൊഴിൽ എടുത്ത തീയതിയും മാസവും എഴുതിയിട്ടില്ല പകരം അവിടെതൊഴിലാളികളുടെപേരാണ് എഴുതിയിരിക്കുന്നത്.
- ഡിമാൻഡ് സൂക്ഷിച്ചിട്ടുണ്ട് പക്ഷെ അതിന്റെ രസീത് ഇല്ല.
- സെർട്ടിഫൈഡ് ചെയ്തിട്ടുണ്ട്.

## ഫിക്സഡ് അസറ്റ് രജിസ്റ്റർ

- *2016-17 വിവരങ്ങൾ കാണാൻ സാധിച്ചു.
- പഞ്ചായത്തിന്റെ പേര്, ജില്ലാ, ബ്ലോക്ക്,ഡീറ്റെയിൽസ് ഓഫ് അസറ്റ്, അസറ്റ് id, അസറ്റിന്റെ പേര്,
- റോഡ് കോൺക്രീറ്റിംഗ്

- ജലസേചനം
- സൈഡ് പ്രൊട്ടക്റ്റിംഗ്
- ലാൻഡ് ഡെവലപ്പ്മെന്റ് ഇവയെല്ലാം രേഖപെടുത്തിയിട്ടുണ്ട്. പക്ഷെ സൈഡ് പ്രൊട്ടെക്ഷനിൽ ഒപ്പ് ഉണ്ട്. ലാൻഡ് ഡെവെലപ്പ്മെന്റിൽ വർക്കിന്റെ പേരും ഐഡി യും മാത്രമേ ഉണ്ടായിരുന്നുള്ളു.
- സെർട്ടിഫൈഡ് ചെയ്തിട്ടില്ല.

## ഗ്രാമസഭ രജിസ്റ്റർ

- ഈ രജിസ്റ്റർ അഭിനന്ദാർഹമാണ്. കാരണം ഇതിൽ പേര്, വിലാസം, വാർഡ്, ഒപ്പ്, ഇവയെല്ലാം കൃത്യമായി എഴുതിയിട്ടുണ്ട്.
- ഗ്രാമസഭ നോട്ടീസും ഗ്രാമസഭ നടത്തിയതിന്റെ ഫോട്ടോയും ഈ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. * കൂടാതെ പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി, ഇവർ ഒപ്പ് ഇട്ടിട്ടുണ്ട്.
- സെർട്ടിഫൈഡ്ആണ്.

## വർക്ക് രജിസ്റ്റർ

- *2017-2018, 2018-2019 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് മൊത്തം 282 വർക്കുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് 2018 ജൂൺ മുതൽ ഇന്ന് വരെയുള്ള വിവരങ്ങൾ ആണ് കാണാൻ കഴിഞ്ഞത്.
- ഇതിൽ സീരിയൽ നമ്പർ, കോഡ്, പേര്, Ts ന്റെയും As ന്റെയും തീയതി, ഇമ്പ്ലിമെന്റിങ് ഏജൻസി ഇവയെപ്പറ്റിയാണ് ഈ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്.
- സെർട്ടിഫൈചെയ്തിട്ടില്ല.

**1. നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണപ്രവൃത്തി റീച്ച് 5**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണം പ്രവർത്തി റീച് 5 | 1608004001/ IF/377871 | 11/02/2019 | 16/3/2019 | 150000 | 149440 |

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം-അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജോജോ പി പി | മഴക്കുഴി | 5.405 m<br>L-1.2<br>B-.75<br>C-.75 | Nil | സ്ഥലത്ത് മഴക്കുഴികൾ ഒന്നും കാണാൻ സാധിച്ചിരുന്നില്ല. അതിനാൽ അവിടെ നടന്ന പ്രവർത്തി ഉപയോഗശൂന്യമായി പോയി |

| | | | | | |
|---|---|---|---|---|---|
| | | വാരം | 2 സെന്റ് | Nil | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ വാരം എടുത്തതിനാൽ കൃത്യമായി അളക്കാൻ സാധിചില്ല. |
| 2 | ഓമന | മഴക്കുഴി | 28.35m<br>L-1.2<br>B-.75<br>D-.75 | Nil | പരിശോധിച്ച് സമയത്ത് മഴക്കുഴികൾ ഒന്നും കാണാൻ കഴിഞ്ഞില്ല |
| | | വാരം | 10 cent | Nil | വാരം ഉണ്ടായില്ല |
| 3 | ഫിലോമിന | മഴക്കുഴി | 28.35m<br>L-1.2<br>B-.75<br>D-.75 | Nil | കാടു കേറിയതും, മൂടിയതുമായ കുഴികൾ<br><br>അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു. കുഴികൾ അതുകൊണ്ട് കാണാൻ സാധിച്ചില്ല |
| | | വാരം | 10 സെന്റ് | 10 സെന്റ് | വാരം നല്ല രീതിയിലും വൃത്തിയായും ചെയ്തതായി കാണാൻ സാധിച്ചു |
| 4 | ജോർജ് | മഴക്കുഴി | 94.50m<br>No-140<br>L-1.2<br>B-.75<br>C-.75 | Nil | മെഷർമെന്റ് ബുക്കിലുള്ള പ്രവർത്തി കാണാൻ കഴിഞ്ഞില്ല |

| | | | | | |
|---|---|---|---|---|---|
| | | വാരം | 12cent | 10സെന്റ് | വാരം മാടൽ നന്നായി ചെയ്തതായി കാണാൻ സാധിച്ചു, എന്നാൽ വാരം എടുപ്പ് പലസ്ഥലങ്ങളിലും ആയതിനാൽ കൃത്യമായി മെഷർമെന്റ് എടുക്കാൻ കഴിഞ്ഞില്ല |
| 5 | വർക്കി കുര്യാക്കോസ് | മഴക്കുഴി | 25.65m2<br>No-38<br>L-1.2<br>B-.75<br>C-.75 | 5.554m<br>No-12<br>L-1.40<br>B-1.10<br>D-.30 | കുഴികളുടെ അളവ് എം ബുക്ക് നേക്കാൾ കൂടുതൽ ആയി കാണപ്പെട്ടു ആഴം കുറവായിരുന്നു. എന്നാൽ കുഴികളുടെ എണ്ണം കുറവായിരുന്നു |
| | | വാരം | 8സെന്റ് | Nil | വാരംമാടാൽ എന്ന ഒരു പ്രവർത്തി അവിടെ ചെയ്തതായി കാണാൻ സാധിച്ചില്ല അതിനാൽ ചെയ്ത പ്രവർത്തി ഉപയോഗ ശൂന്യമായ പോയി |
| 6 | ഏലിയാമ്മ | മഴക്കുഴി | 16.875m<br>No-25<br>L-1.2<br>B-.75<br>C-.75 | 7.36m<br>No-5<br>L-2.30m<br>B-.80m<br>C-.80m | മഴക്കുഴി എല്ലാം കാണാൻ സാധിച്ചില്ല എന്നാൽ എല്ലാം മഴക്കുഴി യുടെയും അളവ് എം ബുക്കനെകാൾ കൂടുതലായും കാണപ്പെട്ടു |
| | | വാരം | 8 സെന്റ് | Nil | വാരം മാടൽപ്രവർത്തി അവിടെ കാണാൻ കഴിഞ്ഞില്ല |
| 7 | ചിന്നമ്മ | മഴക്കുഴി | 77.62m<br>No-115<br>L-1.2<br>B-.75<br>D-.75 | 77.62m<br>No-115<br>L-1.2<br>B-.75<br>D-.75 | മഴക്കുഴി എല്ലാം കാണാൻ സാധിച്ചു |

| | | | | | |
|---|---|---|---|---|---|
| | | വാരം | 12സെന്റ് | Nil | വാരം മാടൽ പ്രവർത്തി അവിടെ കാണാൻ കഴിഞ്ഞില്ല. |
| 8 | ബേബി | മഴക്കുഴി | 13.5m<br>No-20<br>L-1.2m<br>B-.75m<br>C-.75m | 11.475m<br>No-17<br>L-1.2<br>B-.75<br>D-.75 | കുഴികൾ കാണാൻ സാധിച്ചു. |
| | | വാരം | 5 സെന്റ് | Nil | വാരം മാടൽ പ്രവർത്തി അവിടെ കാണാൻ കഴിഞ്ഞില്ല. |

- മണ്ണ് ജലസംരക്ഷണം എന്ന പ്രവർത്തിയിൽ പരിശോധനയ്ക്ക് ചെന്നപ്പോൾ ഭൂരിഭാഗം മഴ കുഴികളും മൂടി പോയതായി കാണാൻ കഴിഞ്ഞു
- വാരം മാടൽ എന്ന പ്രവർത്തിയിൽ അവർ കൃഷിക്ക് ഉപയോഗിച്ചതിനു ശേഷം മൂടിക്കളഞ്ഞു എന്നാണ് അറിയാൻ കഴിഞ്ഞത്
- കാണാൻ കഴിഞ്ഞ പ്രവർത്തികൾ എല്ലാം വളരെ നല്ല രീതിയിൽ തൊഴിലാളികൾ ചെയ്തതായി അറിയാൻ സാധിച്ചു
- സിഐ ബി ബോർഡ് കാണാൻ കഴിഞ്ഞില്ല
- സ്ഥലപരിമിതി അളവും കൂടുതൽ ആയതിനാലും കാടുകയറി യതിനാലും ചിലത് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല

## 2.നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണപ്രവൃത്തി റീച്ച് 3

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണം പ്രവർത്തി റീച് 3 | 1608004001/IF/377868 | 18/12/2018 | 29/1/2019 | 150000 | 149440 |

- ഈ പ്രവൃത്തിയുടെ എം ബുക്ക് കാണാൻ സാധിച്ചില്ല അതിനാൽ പ്രവർത്തിയുടെ പൊതു  പണം **149940** നഷ്ടമായതായി കാണുന്നു.

## 3.നീർച്ചാലുകളുടെപുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിtയ തുക |
|---|---|---|---|---|---|---|
| 1 | നീർച്ചാലുകളുടെ പുനരുദ്ധാരണം | 1608004001/IF/377871 | 27/02/2019 | 25/03/2019 | 146728 | 146234 |

| നമ്പർ | പേര് | വർക്കിനെയിം | മെഷർമെന്റ് ബുക്ക്/ എസ്റ്റിമേറ്റ്സ് ബുക്ക് പ്രകാരമുള്ള മെഷർമെന്റ് | പരിശോധനയിൽ കണ്ടെത്തിയ അളവ് റിമാർക്ക് | റിമാർക്ക് |
|---|---|---|---|---|---|
| 1 | തൃക്കതോട് | തോട് വൃത്തിയാക്കൽ | 990m2<br>L-1100m<br>B-.90m | 251.1m2<br>L-279m<br>B-.90m | തോടുകൾ നിറയെ കാലുപിടിച്ച് നടപ്പാത ഇല്ലാത്ത അവസ്ഥയിലും ആയതിനാൽ പൂർണ്ണമായും ഉള്ള അളവ് എടുക്കാൻ കഴിഞ്ഞില്ല |

| | | | | | |
|---|---|---|---|---|---|
| 2 | വാട്ടർ ഫ്ലോ ചാനൽ | കാട വൃത്തിയാക്കി kal | 720m2<br>L-1200m<br>B-.600m | 201.6m2<br>L-336m<br>B-.600m | നടപാത ഇല്ലാത്തതിനാൽ മുഴുവനായും അളവു രേഖപ്പെടുത്താൻ കഴിഞ്ഞില്ല |
| 3 | വായിക്കര കാവ് തോട് | തോട് വൃത്തിയാക്കൽ | L-1200m<br>B-1.300m<br>Cf-1.0<br>1320m2 | Nil | നടപ്പാത ഇല്ലാത്ത രീതിയിലാണ് കാണപ്പെട്ടത്. അതിനാൽ അളവ് എടുക്കാൻ കഴിഞ്ഞില്ല |

- നീർച്ചാലുകൾ എല്ലാം വളരെ കാടുപിടിച്ച് അവസ്ഥയിലാണ് കാണപ്പെട്ടത് അതിനാൽ എം ബുക്ക് പ്രകാരമുള്ള മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല
- പ്രവർത്തി നല്ല രീതിയിൽ ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞത്
- സി ഐ ബി ബോർഡ് കാണാൻ കഴിഞ്ഞിരുന്നില്ല
- നടപ്പാത ഇല്ലാത്ത അവസ്ഥയിലാണ്

**4.കൃഷി വകുപ്പുമായി സംയോജിച്ചു ജെൽജി പാട്ടതിനെടുത്ത സ്ഥലം കൃഷിക്കനുയോജ്യമാക്കൽ റീച്4**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | കൃഷി വകുപ്പുമായി സംയോജിച്ചു ജെൽ ജിപാട്ടതിനെടുത്ത സ്ഥലം കൃഷിക്കനുയോജ്യമാക്കൽ റീച് 4 | 1608004001/LD/318632 | 15.12.18 | 03.1.19 | 99100 | |

- കൃഷി വകുപ്പുമായി സംയോജിച്ച ജെ എൽ ജി പാട്ടത്തിന് എടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ എന്ന പ്രവർത്തിയിൽ എം ബുക്ക് ഇല്ലാത്തതിനാൽ ഈ പ്രവർത്തിയുടെ പൊതു പണം നഷ്ടമായി കരുതുന്നു

**5.നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണം റീച്ച് 3**

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | നീർത്തടാധിഷ്ഠിതമണ്ണ്ജലസംരക്ഷണം | 1608004001/IF/377868 | 18.12.18 | 29.01.2019 | 150000 | |

| നമ്പർ | ഗുണഭോക്താവിന്റെപേര് | പ്രവർത്തി | എസ്റ്റിമേറ്റ്/മെഷർമെന്റ്ബുക്ക്പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയഅളവ് | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | എം.കെഔ സേപ്പ് | മഴക്കുഴിനിർ മാണം<br><br>വാരം | 5.405 50Nos<br>L-1.20m<br>B-0.75m<br>D-0.75m.<br><br>2 Nos<br>L-13m<br>B-12m | 2Nos<br><br>Nil | മഴക്കുഴിഎടുത്തസ്ഥലത്തെല്ലാംവാഴനട്ടിരിക്കുകയായിരുന്നു.അതുപോലെകാടുകയറികിടക്കുകയായിരുന്നു.<br><br>കാടുകയറികിടക്കുകയായിരുന്നു. |
| 2. | നാരായണൻ | മഴക്കുഴിനിർമ്മാണം<br><br>വാരം | 10Nos<br>-1.20m<br>B-0.75m<br>D-0.75m<br><br>2 Nos<br>L-13m<br>B-12m | Nil<br><br>Nil | വാഴ കൃഷി ചെയ്തിരിക്കുന്നു കാടുകയറി.<br><br>കാടുകയറികിടക്കുകയായിരുന്നു. |
| 3. | അച്ചാമ്മ | മഴക്കുഴിനിർമ്മാണം<br><br>വാരം | 10Nos<br>L-1.20m<br>B-0.75m<br>D-0.75m<br><br>2Nos<br>L-13m<br>B-12m | Nil<br><br>Nil | മഴ കുഴികളിലും വാഴ കൃഷി ചെയ്തിരിക്കുന്നു.<br><br>കാട് കയറിയതിനാൽവാരം കാണാൻ സാധിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 4. | ജോസ്സി.ഡി | മഴക്കുഴിനിർ മ്മാണം.<br><br>വാരം | 20Nos<br>L-1.20m<br>B-0.75m<br>D-0.75m<br><br>1 Nos<br>L-13m<br>B-12m | Nil<br><br>1 Nos | മഴ കുഴിയിൽ വാഴ നട്ടിരിക്കുന്നു.<br><br>കാട് പിടിച്ച് കിടക്കുന്നതിനാൾ അളവെടുക്കാൻസാധിച്ചില്ല |
| 5. | തോമസ്സെ ബാസ്റ്റ്യൻ | മഴക്കുഴിനിർ മ്മാണം<br><br>വാരം | 30 Nos<br>L-1.20m<br>B-0.75m<br>D-0.75m<br><br>1 Nos<br>L-13m<br>B-12m | 44 Nos<br>L-1.00m<br>B-0.75m<br>D-0.75m<br><br>1 Nos | റബ്ബറിന്ഇടയ്ക്ക് അളവിൽ കൂടുതൽമഴക്കുഴികൾ കാണാൻ സാധിച്ചു.പക്ഷേ അവിടെ കാടുകയറിഇരിക്കുകയാണ്.<br><br>അളവ് കൃത്യമായി എടുക്കാൻ സാധിച്ചില്ല. |
| 6. | സരളകൃഷ്ണൻ | മഴക്കുഴിനിർ മാണം<br><br>വാരം | 110 Nos<br>L-1.20m<br>B-0.75m<br>D-0.75m<br><br>3Nos<br>L-13m<br>B-12m | Nil<br><br>Nil | വാഴവെച്ചിരിക്കുന്നതിനാൽ അളവ്രേഖപ്പെടുത്താൻസാധിച്ചില്ല.<br><br>കാടുപിടിച്ചിരിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 7. | നാരായണൻ | മഴക്കുഴി<br>വാരം | 90 Nos<br>L-1.20m<br>B-0.75m<br>D-0.75m<br><br>2 Nos<br>L-13m<br>B-12m | Nil<br><br>Nil | കാടുകയറികിട ക്കുകയായിരു ന്നു.അങ്ങോ ട്ടേപാകാൻസാ ധിക്കില്ലായിരു ന്നു. |
| 8. | കൃഷ്ണൻനായ ർ | മഴക്കുഴി<br><br>വാരം | 20<br>L-1.2m<br>B-0.75m<br>D-0.75m<br><br>2Nos<br>L-13m<br>B-12m | Nil<br><br>Nil | കുഴികളിൽ വാഴ നട്ടിരിക്കുന്നു. കാട് പിടിച്ചു കിടക്കുന്നു<br><br>കാടുകയറികിട ക്കുകയായിരു ന്നു. |
| 9. | അമ്മിണിഅ യ്യപ്പൻ | മഴക്കുഴി | 20 Nos<br>L-1.20m<br>B-0.75m<br>D-0.75m | Nil | മഴക്കുഴി ഒന്നും കാണാൻ കഴിഞ്ഞില്ല |

- നീർച്ചാലുകൾ എല്ലാം വളരെ കാടുപിടിച്ച് അവസ്ഥയിലാണ് കാണപ്പെട്ടത് അതിനാൽ എം ബുക്ക് പ്രകാരമുള്ള മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല
- മണ്ണ് ജല സംരക്ഷണ പ്രവർത്തി നല്ല രീതിയിൽ ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞത്

  സി ഐ ബി ബോർഡ് കാണാൻ കഴിഞ്ഞിരുന്നില്ല
- നടപ്പാത ഇല്ലാത്ത അവസ്ഥയിലാണ്

- ഭൂരിഭാഗം കുഴികളും മഴയുടെ ശക്തി കാരണം മുടി പോയത് എന്നാണ് അറിയാൻ കഴിഞ്ഞത്

**6.IHHL നിർമ്മാണം സിന്ധു സുബ്രഹ്മണ്യൻ.**

| No. | വർക്ക് | വർക്കോഡ് | ആരംഭിച്ചതീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | വ്യക്തിഗത കക്കൂസ്നിർമ്മാണം | 1608004001/RS/26799 | 16/1/2019 | 27/1/2019 | 12000 | |

* കക്കൂസിനെ വാതിൽ പിടിപ്പിച്ചിട്ടില്ല.
* ചുമരുകൾ തേച്ചിട്ടില്ല
* കക്കൂസ് വാർത്തിട്ടില്ല ആസ്ബറ്റോസ് മേൽക്കൂരയായി ഉപയോഗിച്ചിരിക്കുന്നത്.
* കക്കൂസ്  ഉപയോഗിക്കുന്നില്ല

**7.IHHL നിർമ്മാണം അമ്മിണി തോമസ്**

| No. | വർക്ക് | വർക്കോഡ് | ആരംഭിച്ചതീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | വ്യക്തിഗത കക്കൂസ്നിർമ്മാണം | 1608004001/RS/331261 | 25/2/2019 | 8/3/2019 | 12000 | 11816 |

- കക്കൂസ് ഉപയോഗിക്കുന്നുണ്ട്. രണ്ട് വാതിലുകൾ ഉണ്ട്
- ഹോളോബ്രിക്സ് ഉപയോഗിച്ചാണ് പണിതിരിക്കുന്നത് തേച്ചിട്ടില്ല
- ആസ്ബറ്റോസ് ആണ് മേൽക്കൂരയായി ഉപയോഗിച്ചിരിക്കുന്നത്

## പൊതു നിരീക്ഷണങ്ങൾ

- ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.

- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികളിൽ ധാരണ ഇല്ലായിരുന്നു.

- ഒരു ദിവസത്തെ ആണെങ്കിൽ പോലും ആയുധ വാടക ലഭിക്കുന്നുണ്ട്.

- ഡിമാൻഡ് റെസിപ്പ്ട് കിട്ടാറുണ്ടെന്നു അറിയാൻ കഴിഞ്ഞു.

- CIB ബോർഡിനെ കുറിച്ച് തൊഴിലാളികൾക്കിടയിൽ അറിവില്ലായിരുന്നു. വാർഡ് 13ൽ പരിശോധന നടത്തിയ ഫീൽഡിൽ CIB ബോർഡ് കാണുവാൻ സാധിച്ചില്ല.അതിനു മറുപടിയായി മേറ്റ് പറഞ്ഞത് CIB ബോർഡ് ഈ വർഷം വച്ചിട്ടില്ല എന്നാണ്.

- കൂടുതൽ തൊഴിലാളികളും ബാങ്ക് പാസ്സ് ബുക്ക് പതിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില തൊഴിലാളികളുടെ ബാങ്ക് പാസ്സ്ബുക്കിൽ പതിപ്പിച്ചിട്ടില്ലായിരുന്നു.അതിനു കാരണം പറഞ്ഞത് പാസ്ബുക്ക് പതിപ്പിക്കാൻ ബാങ്കിൽ ചെന്നാലും മെഷീൻ തകരാർ മൂലം പതിപ്പിക്കാൻ പറ്റാതെ തിരിച്ചു പോകേണ്ടി വരും.

- 100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അവർ പറഞ്ഞു.

- തൊഴിൽ കാർഡ് എടുക്കുന്നതിനും മറ്റു രേഖകൾ കൊടുക്കുന്നതിനും വേണ്ടി ഫോട്ടോസ്റ്റാറ്റ് എടുക്കുന്നത് സ്വന്തം കൈയിൽ നിന്ന് പൈസ എടുത്താണ്.

## നന്ദി

അശമന്നൂർ പഞ്ചായത്തിലെ 2018 -19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കുവാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ഗ്രാമസഭാ മിനിറ്റ്സ്

അശമന്നൂർ ഗ്രാമപഞ്ചായത് വാർഡ്- 13 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്ട്സ്

കൂവപ്പടി ബ്ലോക്കിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് പതിമൂന്നിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 12/11/2019 നു 2 മണിക്ക് അശമന്നൂർ പഞ്ചായത്ത് ഹാളിൽ മൗനപ്രാർത്ഥന യോടെ ആരംഭിച്ചു.57പേർ ഗ്രാമസഭയിൽ പങ്കെടുത്തു. മൗന പ്രാർത്ഥനയ്ക്ക് ശേഷം ഈശ്വര പ്രാർത്ഥന നടത്തി. തുടർന്ന് തൊഴിലാളികളിൽ
നിന്നും അധ്യക്ഷയായി കാർത്തിക നാരായണനെ തിരഞ്ഞെടുത്തു. മെമ്പർ ന് സുഖമില്ലാത്തതിനാൽ വൈകി വരുമെന്ന് പറഞ്ഞതിനെത്തുടർന്ന് ഉദ്ഘാടനം ആദ്യം നടത്തിയതിനുശേഷം സ്വാഗതം പിന്നീട് പറഞ്ഞു. യോഗത്തിന് പ്രസിഡണ്ട് ശ്രീമാൻ എം.എൻ സലിം ഉദ്ഘാടനം നിർവഹിച്ചു. മെമ്പർ ശ്രീമതി ബിന്ദു നാരായണൻ സ്വാഗതം ആശംസിച്ചു.തുടർന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ വാണി മുരുകേഷ് സംസാരിച്ചു.
തൊഴിലുറപ്പ് പദ്ധതിയെ കുറിച്ചും,സോഷ്യല് ഓഡിറ്റ് എന്താണ് എങ്ങനെയാണു നടത്തുന്നത് ,സോഷ്യല് ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങള് എന്നിവ വിശദീകരിച്ചു . അതിനുശേഷം വില്ലേജ് റിസോഴ്സ് പേഴ്സൺ പ്രിയങ്ക, അശ്വതി എം. എസ്, അശ്വതി രാജ് എന്നിവർ റിപ്പോർട്ട് ഘട്ടങ്ങൾ ആയി അവതരിപ്പിച്ചു. വാർഷിക മാസ്റ്റർ സർക്കുലര് പ്രകാരം ഓരോ പ്രവര്ത്തി ഫയലിലും കാണേണ്ട 22 രേഖകള് എന്തെല്ലാമെന്നും അവയില് ഏതൊക്കെ പരിശോധിച്ച ഫയലുകളില് കാണാന് സാധിച്ചു എന്നും, രജിസ്റ്ററുകൾ ഏതെല്ലാം എന്നും, അവ പരിശോധിച്ചതിൽ നിന്ന് ലഭിച്ച വിവരങ്ങൾ, അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ, പ്രധാന നിരീക്ഷണങ്ങൾ, പരിശോധിച്ച 7 ഫയലുകളുടെ കണ്ടെത്തലുകൾ എന്നിവ അവതരിപ്പിച്ചു.
പ്രധാന നിരീക്ഷണങ്ങൾ:-

1.തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്.

2.ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു.

3.ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു.

4.ഗ്രാമസഭകളുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മയും ഉറപ്പു വരുത്തേണ്ടതാണ്.

5.പ്രവർത്തിയിടങ്ങളിൽ തണൽസൗകര്യം, പ്രഥമ ശ്രുശ്രുഷ കിറ്റുകൾ, കുടിവെള്ളം,എന്നിവ ലഭ്യമാണ്.

6.പ്രവർത്തിയിടങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡും ഉണ്ടായിരുന്നില്ല.

7.ഡിമാൻഡ് ഫോമുകളിൽ തൊഴിൽ ഏതു തീയതി മുതൽ ഏതു തീയതി വരെ തൊഴിൽ വേണം,
അപേക്ഷ കൊടുത്ത തിയതി എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽലഭിച്ചോ എന്ന് വ്യക്തമല്ല . തൊഴിലാളികൾ പറഞ്ഞതനുസരിച്ച് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടാറില്ല എന്നാണ് വ്യക്തമായത്.

8.വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക്ക് ശേഷമാണ് ആയതിനാൽ തൊഴിലുറപ്പിന് മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

9. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പരിശോധന കൃത്യമായി നടത്തുന്നുണ്ട്.

10. എപിഎൽ വിഭാഗത്തിൽ പെട്ടവരുടെ സ്ഥലങ്ങളിലാണ് പ്രവർത്തികൾ നടന്നിരിക്കുന്നത്.
തുടർന്നു റിപ്പോർട്ടിന്മേൽ ചർച്ച നടന്നു. ചർച്ചയിൽ വന്ന പ്രധന വിഷയങ്ങൾ

- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറില്ല .100 പണി ഭൂരിഭാഗം തൊഴിലാളികൾക്ക് കിട്ടിയിട്ടില്ല.

- കനാലുകളും തോടുകളും തുടങ്ങിയ പ്രവർത്തികൾ തൊഴിലാളികൾ വളരെ നന്നായി ചെയ്തിട്ടുണ്ട്.

- നീർച്ചാലുകൾ വൃത്തിയാക്കുന്ന സമയത്ത് ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നതായി തൊഴിലാളികൾ പറഞ്ഞു.

- തൊഴിലാളികൾക്ക് കൂലി സമയബന്ധിതമായി ലഭിക്കാനുള്ള സൗകര്യം വേണമെന്ന് ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു.

- വേതനം കൂട്ടണമെന്ന് പഞ്ചായത്ത് പ്രസിഡന്റ്, തൊഴിലാളികൾ അഭിപ്രായപ്പെട്ടു. കൂലി 271ൽ നിന്ന് 350 വരെ ആകണം എന്നാണ് തൊഴിലാളികളുടെ നിർദ്ദേശം.

- തൊഴിൽ സമയം 9 മണി മുതൽ 4 മണി വരെ ആകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

- വർക്ക് കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ സോഷ്യൽ ഓഡിറ്റ് പരിശോധന നടത്തണമെന്ന് അഭിപ്രായപ്പെട്ടു.

- കൈയുറ,കാലുറ എന്നിവ ഇപ്പോൾ ഇല്ല നേരത്തെ ഇവയെല്ലാം ഉണ്ടായിരുന്നു അതിന് നാശനഷ്ടം സംഭവിച്ചു.

- കൈയുറ കാലുറ തുടങ്ങിയവഎ എഡി എസ് ഫണ്ടിൽ നിന്നും ഇവ വാങ്ങാൻ സാധിക്കാത്തതിനെക്കുറിച്ചും ചർച്ചചെയ്തു, ഇതിന് മറുപടിയായി പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് വേണ്ടത് ചെയ്യാമെന്ന് മെമ്പർ ഉറപ്പു നല്കുകയുണ്ടായി.

- പുതിയ വർക്കുകൾ എങ്ങനെ കണ്ടെത്താം എന്നതിന് കുടുംബശ്രീ ഗ്രാമസഭ എന്നീ ഇടങ്ങളിൽ കൂടിയാലോചിച്ച് പുതിയ തൊഴിൽ കണ്ടെത്തണമെന്ന് തീരുമാനത്തിലെത്തി.

- എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിലല്ല ഉടമസ്ഥൻ പറയുന്ന അളവിലാണ് പണി എടുക്കുന്നതെന്ന് ഒരു തൊഴിലാളി പറഞ്ഞു.

- പാടത്തെ പണികൾ തുടർച്ചയായി തൊഴിലുറപ്പിൽ ഉൾപ്പെടുത്തി തരണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

- JLG യുടെ ഭാഗമായി നിലമൊരുക്കൽ മാത്രമല്ല ബാക്കി കൃഷിപ്പണി കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഭൂരിഭാഗം തൊഴിലാളികളും ആവശ്യപ്പെട്ടു.

- നീർച്ചാലുകളുടെ പുനരുദ്ധാരണം എന്ന പ്രവർത്തി എല്ലാവർഷവും നടത്തണമെന്ന് ഒരു തൊഴിലാളി അഭിപ്രായപ്പെട്ടു.

- 100 പണി എന്നുള്ളത് 150 പണി ആക്കണമെന്ന് തൊഴിലാളികളിൽ ചിലർ അഭിപ്രായപ്പെട്ടു.

- കൂലി ലഭിക്കുന്നതിനുള്ള കാലതാമസം വേഗം പരിഗണിക്കണമെന്ന എല്ലാ തൊഴിലാളികളും അഭിപ്രായപ്പെട്ടു.

- അശമന്നൂർ പഞ്ചായത്ത് പേപ്പർലെസ് പഞ്ചായത്ത് ആയതിനാൽ രേഖകളെല്ലാം ഫയലിൽ സൂക്ഷിക്കാത്തത് എന്ന് ഓവർസിയർ പറഞ്ഞു.

- വി ആർ പി അശ്വതി രണ്ട് എം ബുക്ക് ഇല്ലാത്തത് എന്താണ് എന്ന് ചോദിച്ചു. ഇ എം ബുക്ക് സൂക്ഷിക്കുന്നുണ്ട് എന്നും സമയക്കുറവുമൂലം എം.ബുക്ക് എഴുതി സൂക്ഷിക്കാത്തത് എന്നും ഓവർസിയർ മറുപടി പറഞ്ഞു.

- മറ്റ് പഞ്ചായത്തുകളിൽ എല്ലാം രേഖകളും സൂക്ഷിക്കുന്ന ഉണ്ടല്ലോ എന്നെ വി ആർ പി വാണി പറഞ്ഞു. ജോലിഭാരം കൂടുതലും രേഖകൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ടും ആണെന്നാണ് ഓവർസിയർ മറുപടി പറഞ്ഞത്.

- ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ട് ജനറൽ ഓഡിറ്റ് എന്നിവ ഈ പഞ്ചായത്തിൽ നടത്താറുണ്ടെന്നും അവർ പറയുന്ന രീതിയിലാണ് രേഖകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് എന്നും ഓവർസിയർ പറഞ്ഞു.

- സോഷ്യൽ ഓഡിറ്റ് ടീം പറയുന്നത് അനുസരിച്ച് എല്ലാ രേഖകളും ഫയലിൽ വേണമെങ്കിൽ തുടർന്ന് രേഖകളും ഫയലിൽ ഉൾപ്പെടുത്താമെന്നും രേഖ ആവശ്യമുള്ളത് പ്രിന്റ് എടുത്ത് തരാമെന്നും പറഞ്ഞു.

- മാനുവൽ ആയിട്ട്  ചെയ്തിരുന്ന സമയത്ത് വേഗത്തിൽ തൊഴിൽ നൽകാൻ സാധിച്ചിരുന്നു.

- ജിയോ ടാഗ് ഫോട്ടോസിന്റെ കാര്യം ചോദിച്ചപ്പോൾ ആ ഫോട്ടോസ് എല്ലാം bhuvan സോഫ്റ്റ്വെയർ നോക്കിയാൽ കാണാം എന്നും പ്രിന്റ് എടുത്ത് സൂക്ഷിക്കാറില്ലയെന്നും പറഞ്ഞു.

- ഐ എച് എച് എൽ  നിർമ്മാണത്തിൽ സിന്ധു സുബ്രഹ്മണ്യനെ മെറ്റീരിയലിന്റെ തുക ലഭിക്കാത്തതെ എന്താണെന്ന് ചോദിച്ചപ്പോൾ, 2017 18 വരെയുള്ള മെറ്റീരിയൽ ഫണ്ട് മാത്രം കൊടുത്തിട്ടുള്ളൂ എന്നും അതിനു ശേഷം 30 ലക്ഷം രൂപയോളം മെറ്റീരിയൽസ് ഫണ്ട് കൊടുക്കാൻ ഉണ്ടെന്നും പറഞ്ഞു. മെറ്റീരിയൽ ഫണ്ട് കിട്ടി കഴിയുമ്പോൾ അവർക്ക് കൊടുക്കുന്നതാണ് എന്നും പറഞ്ഞു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് 2017-2018 വരെയുള്ള വെച്ചിട്ടേ ഉള്ളൂ. ഈവർഷത്തെ ടെൻഡർ വിളിച്ചിട്ടുണ്ട്. കരാറുകാരന് കഴിഞ്ഞ വർഷത്തെ 5 ലക്ഷം രൂപയോളം കൊടുക്കാനുണ്ട്.

- പൊതുജനങ്ങൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വെക്കുന്നത് എതിർപ്പ് ഉള്ളതായി ഓവർസിയർ പറഞ്ഞു.

- വരുംകാലങ്ങളിൽ GIS സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ തൊഴിൽദിനങ്ങൾ കുറയാൻ സാധ്യതയുണ്ടെന്ന് ഓവർസിയർ അഭിപ്രായപ്പെട്ടു.

തുടർന്ന് റിപ്പോർട്ട് എല്ലാവരുംകൂടി കയ്യടിച്ച് പാസാക്കി. വി ആർ പി ഗ്രീഷ്മ ഗണേഷ് എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ദേശീയ ഗാനത്തോടെ ഗ്രാമസഭ അവസാനിച്ചു.